**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3662** **27-06-2024 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന അധ്യാപക നിയമനത്തിന് സ്വീകരിച്ചുവരുന്ന സംവരണ വ്യവസ്ഥകൾ എപ്രകാരമാണ്; പ്രസ്തുത വിവരം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ; | (എ) | **കേരള സർവകലാശാല**<br><br>നിലവിൽ കേരള സർവകലാശാലയിലെ മുഴുവൻ പഠനവകുപ്പുകളെയും ഒരൊറ്റ യൂണിറ്റായി കണക്കാക്കിയാണ് സംവരണം നൽകിവരുന്നത്. പി.എസ്.സി.യുടെ റൊട്ടേഷൻ ചാർട്ടാണ് സംവരണ മാനദണ്ഡമാക്കാറുള്ളത്.<br><br>**മഹാത്മാഗാന്ധി സർവകലാശാല**<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ സ്ഥിരം അദ്ധ്യാപകരുടെ നിയമനം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997, യു.ജി.സി. റെഗുലേഷൻ എന്നീ വ്യവസ്ഥകൾ അനുസരിച്ചാണ്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 ലെ റൂൾ 14(എ), (ബി), (സി), 15,16,17,17(എ) എന്നീ നിയമങ്ങൾ പാലിച്ചാണ് സംവരണം നടപ്പിലാക്കുന്നത്.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾക്ക് KS&SSR പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ആണ് പാലിക്കാറുള്ളത്.<br><br>**കണ്ണൂർ സർവകലാശാല**<br><br>കണ്ണൂർ സർവകലാശാലയിലെ അധ്യാപക നിയമനത്തിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958, സംസ്ഥാന സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള സംവരണ വ്യവസ്ഥകളാണ് പാലിച്ചുവരുന്നത്.<br><br>**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല** |

കുസാറ്റിൽ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് റൂൾസിൽ പറഞ്ഞിട്ടുള്ള 100 പോയിന്റ് റൊട്ടേഷൻ സൈക്കിളാണ് പിന്തുടരുന്നത്.

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>**

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ട് 1994 വകുപ്പ് 32 പ്രകാരം സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ KS&SSR, 1958 ചട്ടങ്ങൾ പ്രകാരമുള്ള സംവരണക്രമം പാലിച്ചും 06.05.2017 തീയതിയിലെ 8/17/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭിന്നശേഷി സംവരണം (3%) പാലിച്ചും സർവകലാശാല പരിപാലിക്കുന്ന റോസ്റ്റർ രജിസ്റ്ററിൽ ഓരോ ഒഴിവുകളും അടയാളപ്പെടുത്തിയുമാണ് നടത്തുന്നത്.

**<u>നുവാൽസ്</u>**

നുവാൽസിൽ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ നിബന്ധനകൾക്ക് വിധേയമായാണ് അധ്യാപക നിയമനങ്ങൾ നടത്തുന്നത്.

**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**

2013ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലാ നിയമം അധ്യായം VI സെക്ഷൻ 40 പ്രകാരം പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് ബാധകമായ സംവരണ ചട്ടങ്ങൾ സർവകലാശാലയിലെ അധ്യാപകരുടെയും നിയമനത്തിന്റെ കാര്യത്തിൽ ബാധകമാകുന്നതാണ്. 2019ലെ മലയാള സർവകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട് അധ്യായം 4 ഭാഗം II സ്റ്റാറ്റ്യൂട്ട് 7 (1) പ്രകാരം ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കു വിധേയമായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതല്ലാത്ത തസ്തികകളിലേക്ക് സർവകലാശാല നിയമനം നടത്തേണ്ടതാണ്. സ്റ്റാറ്റ്യൂട്ട് 7(2) പ്രകാരം 1958 ലെ കേരള സ്റ്റേറ്റ് & സബോഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ) (ബി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15,16,17,18എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമായ മാറ്റങ്ങളോടെ സാമുദായികക്രമം പാലിച്ചായിരിക്കണം നിയമനങ്ങൾ നടത്തേണ്ടത്. സർവകലാശാല

| | | | |
|---|---|---|---|
| | | | നടത്തുന്ന അധ്യാപക നിയമനങ്ങളിൽ മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട്.<br><br>**<u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല</u>**<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല ആക്ടിലെ സെക്ഷൻ 7(2) പ്രകാരം സർവകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവകലാശാല, 1958 ലെAA കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ പതിനാലാം (14) ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15,16,17,17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളുമാണ് പാലിക്കുന്നത്.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>**<br><br>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനം സംസ്ഥാന സർക്കാരിന്റെ സംവരണ നിയമങ്ങൾ പാലിച്ചാണ് നടത്തുന്നത്. |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകളിൽ സംവരണ വ്യവസ്ഥ ലംഘിച്ചുകൊണ്ട് നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന പരാതികൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | കേരള സർവകലാശാലയിൽ നിലവിലെ സംവരണവ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ട് Dr. രാധാകൃഷ്ണപിള്ളയും Dr.T.വിജയലക്ഷ്മിയും സമർപ്പിച്ച ഹർജികൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.<br><br>കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനം സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളും സർവ്വകലാശാല വിശദമായി പരിശോധിച്ചിട്ടുണ്ട്. പരാതികളിൽ കഴമ്പില്ലാത്തതിനാൽ നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല. കോടതിയുടെ പരിഗണനയിൽ ഉള്ള പരാതികളിൽ കോടതിയുടെ നിർദ്ദേശാനുസരണം സർവകലാശാല തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഡോ. രാധിക ടി. യുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ കഴമ്പില്ലാത്തതിനാൽ കോടതിയിൽ നിലനിന്നില്ല. പ്രസ്തുത പരാതിയിന്മേൽ സർവകലാശാല സ്വീകരിച്ച നടപടികളുടെ വിശദവിവരം താഴെപ്പറയുന്നു :<br><br>1. യൂണിവേഴ്സിറ്റി, 22.10.2019 ലെ ഒഴിവ് വിജ്ഞാപനം നമ്പർ Ad.D2/136/Notif/2018 (2) പ്രകാരം, അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ SC |

വിഭാഗത്തിനായി സംവരണം ചെയ്ത അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവ് വിജ്ഞാപനം ചെയ്തിരുന്നു. (റൊട്ടേഷൻ അനുസരിച്ചുള്ള അടുത്ത ഒഴിവു SC ആയിരുന്നതിനാലാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഫോർ SC അല്ല.)

2. അപ്ലൈഡ് കെമിസ്ട്രി വകുപ്പിലെ മേൽപ്പറഞ്ഞ ഒഴിവിലേക്ക് നിയമനത്തിനായി 15.02.2021-ലെ റാങ്ക്ലിസ്റ്റ് നമ്പർ Rect/202047/Faculties-Applied Chemistry(1) (Sl.No. 1-ASP) പ്രസിദ്ധീകരിച്ചു. അതിൽ ഡോ. അനിത സി. കുമാർ ഒന്നാം റാങ്കും ഹർജിക്കാരി ഡോ. രാധിക ടി. രണ്ടാം റാങ്കും നേടി.
3. ഡോ. അനിൽ സി. കുമാറിന് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി Advice Memo അയക്കുകയും അതു പ്രകാരം അവർ 22.02.2021 FN-ന് സർവീസിൽ ചേരുകയും അതുവഴി എസ്.സി. വിഭാഗത്തിൽ സംവരണം ചെയ്ത അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ഒഴിവ് നികത്തപ്പെടുകയും ചെയ്തു.
4. തുടർന്ന്, മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ പ്രൊഫസറായി നിയമനം ലഭിച്ചതിനാൽ അപ്ലൈഡ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ lien നിലനിർത്തിക്കൊണ്ട് ഡോ. അനിൽ സി. കുമാറിനെ ഒരു വർഷത്തിന് ശേഷം 30.03.2022 മുതൽ കുസാറ്റ് സർവീസിൽ നിന്ന് വിടുതൽ നൽകി.
5. കൊച്ചി സർവ്വകലാശാലയിൽ lien നിലനിർത്തിക്കൊണ്ട് വിടുതൽ നേടുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ lien എന്നാണോ ഒഴിയുന്നത് അന്ന് മുതൽ മാത്രമാണ് റൊട്ടേഷൻ രജിസ്റ്ററിൽ കൊണ്ട് വരാൻ സാധിക്കുന്നത്. ആയതിനാൽ ഡോ. അനിത സി. കുമാറിന്റെ ഒഴിവു റൊട്ടേഷൻ രജിസ്റ്ററിൽ enter ചെയ്തിരുന്നില്ല.
6. സർവ്വകലാശാലയുടെ പ്രസ്തുത നിലപാടിനെതിരെ ഡോ. രാധിക ടി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുമ്പാകെ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു.

7. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, 2022 ലെ WP(C) നമ്പർ 15183-ലെ 08.07.2022-ലെ വിധി പ്രകാരം, അപേക്ഷകയുടെ നിയമനം അവരുടെ റാങ്കിനും യോഗ്യതയ്ക്കും വിധേയമായും സാമുദായിക സംവരണ തത്വങ്ങൾ അനുസരിച്ചും പരിഗണിക്കാൻ സർവകലാശാലയോട് നിർദ്ദേശിച്ചു.
8. KS&SSR-ൽ നൽകിയിട്ടുള്ള സാമുദായിക സംവരണ തിരിവുകൾ അനുസരിച്ച്, 30.03.2022 AN-ന് ഡോ. അനിത സി. കുമാറിന്റെ വിട്ടുതലിന്റെ ഫലമായി അപ്ലൈഡ് കെമിസ്ട്രി വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ഒഴിവിലേക്ക് റിസർവേഷൻ ടേൺ 8-LCA ആണ്. അതനുസരിച്ച്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്ക് LCA ക്കായി സംവരണം ചെയ്ത തസ്തികയിലേക്കുള്ള നിയമനത്തിന് പരിഗണിക്കപ്പെടാൻ അർഹതയില്ല.
9. മേൽപ്പറഞ്ഞ കാര്യം ഹർജിക്കാരിയെ 16.09.2022 തീയതിയിലെ Ad.D2/FR/2020 നമ്പർ കത്ത് വഴി അറിയിച്ചു.
10. സർവ്വകലാശാലയുടെ പ്രസ്തുത തീരുമാനത്തിനെതിരെ ഡോ. രാധിക ടി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 25.11.2022-ലെ വിധി പ്രകാരം, കോടതിയലക്ഷ്യ കേസ് അവസാനിപ്പിക്കുകയും ഹർജിക്കാരന് സർവകലാശാലയിൽ നിന്നുള്ള 16.09.2022 തീയതിയിലെ Ad.D2/FR/2020 നമ്പർ കത്തിനെതിരെ ഉചിതമായ കോടതിനടപടികൾ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്തു.
11. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മേൽപ്പറഞ്ഞ ഉത്തരവുകൾക്ക് അനുസൃതമായി ഡോ. രാധിക ടി. കേരള ഹൈക്കോടതിയിൽ മറ്റൊരു റിട്ട് പെറ്റിഷൺ (WP(C) No. 38986 of 2022) ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 03.02.2023 തീയതിയിലെ വിധി പ്രകാരം സർവ്വകലാശാലയുടെ

| | | | |
|---|---|---|---|
| | | | നിലപാട് ശരി വയ്ക്കുകയും പ്രസ്തുത റിട്ട് പെറ്റീഷൻ തള്ളുകയും ചെയ്തു.<br><br>ശ്രീ ശങ്കാരാചാര്യ സംസ്കൃത സർവകലാശാലയിൽ, സർവകലാശാല അദ്ധ്യാപക നിയമനത്തിനായി 2019 ൽ പുറപ്പെടുവിച്ച വിജ്ഞാപനം, അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ എന്നിവ സംബന്ധിച്ച ലഭിച്ച പരാതികൾക്ക് റോസ്റ്റർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അടിസ്ഥാനപ്പെടുത്തിയും ആധികാരികപ്പെടുത്തിയും മറുപടികൾ നൽകി തീർപ്പാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇപ്പോൾ പരാതികൾ നിലവിലില്ല.<br><br>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ശ്രീ. സുബിൻ ആന്റണി മെഹർ റൊണാൾഡ് ഗവർണർക്ക് പരാതി നൽകിയിരുന്നു. (Lr.No.GS3-3301/2022 dated 24th November, 2022). ശ്രീ. സുബിൻ ആന്റണി മെഹർ റൊണാൾഡ്-ന് സംവരണം പാലിച്ച് നിയമനം നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | സർവ്വകലാശാലകളിലെ അധ്യാപക നിയമനത്തിനുള്ള സംവരണത്തിൽ സ്വാശ്രയ കോളജുകളിലെ അധ്യാപക തസ്തികകൾ കൂടി ഉൾപ്പെടുത്താറുണ്ടോ; | (ഡി) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ഒഴികെയുള്ള മറ്റു സർവകലാശാലകളിലൊന്നും അധ്യാപക നിയമനത്തിനുള്ള സംവരണത്തിൽ സ്വാശ്രയ കോളജുകളിലെ അധ്യാപക തസ്തികകൾ ഉൾപ്പെടുത്താറില്ല. |
| (ഇ) | സംസ്ഥാനത്തെ ഒരോ സർവ്വകലാശാലകളിലെയും അധ്യാപകരുടെ ജോലിഭാരം അവസാനമായി പുനർനിർണയം ചെയ്ത തീയതി എന്നാണെന്ന് സർവ്വകലാശാല തിരിച്ച് അറിയിക്കാമോ; | (ഇ) | **കേരള സർവകലാശാല**<br><br>കേരള സർവകലാശാലയിൽ അധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചിട്ടില്ല.<br><br>**മഹാത്മാഗാന്ധി സർവകലാശാല**<br><br>എം.ജി. സർവകലാശാലയിൽG.O(Ms) No.155/2020/HEDN Date: 01.04.2020 പ്രകാരം അധ്യാപകരുടെ ജോലി സമയം 16 മണിക്കൂറാക്കി പരിഷ്ക്കരിക്കുകയും G.O.(Ms)No. 313/2020/HEDN Date: 11.09.2020 ഉത്തരവിലൂടെ മേൽ ഉത്തരവ് 01.06.2020 മുതലുള്ള നിയമനങ്ങൾക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ അധ്യാപക |

| | | | |
|---|---|---|---|
| | | | നിയമനം ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിലും സർവകലാശാല പഠനവകുപ്പുകളിലെ അധ്യാപക നിയമനം sanctioned post കളിലേക്ക് ആണ് നടത്താറുള്ളത്. പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും അതിനനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.<br><br>**<u>കണ്ണൂർ സർവകലാശാല</u>**<br><br>കണ്ണൂർ സർവകലാശാലയിൽ ജോലിഭാരം പുനർ നിർണ്ണയിക്കുന്ന പ്രക്രിയ നടന്നു വരുന്നു.<br><br>**<u>കുസാറ്റ്</u>**<br><br>കുസാറ്റിൽ അധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചിട്ടില്ല.<br><br>**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>**<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല അദ്ധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കുന്നത് അതാത് കാലത്തെ യു.ജി.സി. റഗുലേഷനുകൾ പ്രകാരമാണ്. നിലവിൽ 18.07.2018-ന് പുറപ്പെടുവിച്ച 2018 യു.ജി.സി. റഗുലേഷൻ പ്രകാരമാണ് അദ്ധ്യാപകരുടെ വർക്ക് ലോഡ് കണക്കാക്കിയിരിക്കുന്നത്.<br><br>**<u>നുവാൽസ്</u>**<br><br>നുവാൽസിൽ അധ്യാപകരുടെ ജോലിഭാരം അവസാനമായി പുനർനിർണയിച്ചത് 2019 ലാണ്.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ അധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചിട്ടില്ല.<br><br>**<u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല</u>**<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ പഠന വകുപ്പുകളിലേക്ക് അദ്ധ്യാപക നിയമനം നടത്തിയിട്ടില്ലാത്തതിനാൽ അദ്ധ്യാപകരുടെ ജോലിഭാരം പുനർനിർണയിക്കേണ്ട ആവശ്യകത ഉണ്ടായിട്ടില്ല. |
| (എഫ്) | അധ്യാപകരുടെ അധ്വാനഭാരം പുനർനിർണ്ണയിക്കാതെ സർവകലാശാലകളിൽ അധ്യാപക നിയമനം നടത്തുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കാമോ? | (എഫ്) | കേരള സർവകലാശാല പഠനവകുപ്പുകൾ ഗവേഷണകേന്ദ്രം കൂടിയാണ്. അംഗീകൃത തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് നിയമനം നടത്തുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | എം.ജി. സർവകലാശാലയിൽ sanctioned post ന് അനുസരിച്ചാണ് അദ്ധ്യാപക നിയമനം നടത്തുന്നത്. റിട്ടയർമെന്റ് ഒഴിവുകൾ വരുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നു.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ, സ്റ്റാറ്റ്യൂട്ട് പ്രകാരം സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ അധ്യാപക നിയമനം ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിലും സർവകലാശാല പഠനവകുപ്പുകളിലെ അധ്യാപക നിയമനം sanctioned post കളിലേക്ക് ആണ് നടത്താറുള്ളത്. പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും അതിനനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.<br><br>കണ്ണൂർ സർവകലാശാലയിൽ അധ്യാപകരുടെ അധ്വാനഭാരം പുനർനിർണ്ണയിക്കാതെ അധ്യാപക നിയമനം നടത്തുന്നില്ല.<br><br>കുസാറ്റിൽ അധ്യാപകരുടെ അധ്വാനഭാരം പുനർനിർണ്ണയിക്കാതെ അധ്യാപക നിയമനം നടത്തുന്നുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 2018ലെ യു.ജി.സി. റഗുലേഷൻ പ്രകാരം അദ്ധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചതിന് ശേഷമാണ് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനം നടത്തിയിട്ടുള്ളത്.<br><br>നുവാൽസിൽ ജോലിഭാരം പുനർ നിർണ്ണയം നടത്താതെ അധ്യാപക നിയമനം നടത്താറില്ല.<br><br>മലയാള സർവകലാശാലയിൽ സർക്കാർ അനുവദിച്ച തസ്തികളിലേക്കല്ലാതെ സർവകലാശാല സ്ഥിരം അധ്യാപക നിയമനം നടത്തിയിട്ടില്ല. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഗസ്റ്റ് അധ്യാപകരെ താൽക്കാലികമായി നിയമിക്കാറുണ്ട്.<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ പഠന വകുപ്പുകളിലേക്ക് അദ്ധ്യാപക നിയമനം നടത്തിയിട്ടില്ലാത്തതിനാൽ അദ്ധ്യാപകരുടെ ജോലിഭാരം പുനർനിർണയിക്കേണ്ട ആവശ്യകത ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ